പാട്ടത്തുക കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

8(1318) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഭൂമി സംസ്ഥാനത്തുടനീളം പാട്ടത്തിന് നൽകിയിട്ടുള്ളത് എത്ര ഏക്കർ വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വ്യക്തികൾക്ക് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര ഏക്കർ വീതം എന്ത് തുക ലീസിനാണ് നൽകിയിട്ടുള്ളത് എന്ന് ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക എല്ലാ പാട്ടക്കാരും കൃത്യമായി അടയ്ക്കുന്നുണ്ടോ ;

(ഡി) പാട്ടത്തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തിയിട്ടുള്ളവർ ആരെല്ലാം ; സ്ഥാപനങ്ങൾ ഏതെല്ലാം ; എന്ത് തുകവീതം അടയ്ക്കാൻ കുടിശ്ശികയായിട്ടുണ്ട് ; ജില്ല തിരിച്ചു വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പാട്ടത്തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) പാട്ടത്തുക അടയ്ക്കാൻ വീഴ്ച വരുത്തിയവരുടെ പേരിലുള്ള റവന്യൂറിക്കവറിക്ക് എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്റ്റേ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ജി) പ്രസ്തുത പാട്ടത്തുക കാലോചിതമായി പരിഷ്ക്കരിക്കാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2,633,39.38 ഹെക്ടർ റവന്യൂ ഭൂമി സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) പാട്ടകുടിശ്ശിക പിരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകളിൽ പാട്ടം, നിരോധനകരം എന്നിവ ലാന്റ് റവന്യൂ വരുമാന ഇനങ്ങളിലായി കണക്കാക്കി വില്ലേജിൽ മുതൽകൊണ്ട ഇനവും ആയത് പിരിച്ചെടുക്കുന്നതിന് സ്റ്റേ ഇല്ലാത്ത കേസുകളിൽ ഭൂനികുതി പിരിക്കുന്ന സംവിധാനം ഉപയോഗിച്ച് പാട്ട ഇനത്തിലുള്ള തുക പിരിക്കുന്നു.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) പാട്ടം യുക്താധിഷ്ഠിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly